## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.91 — 06.01.2014 ൽ മറുപടിയ്ക്ക്

## പത്തനാപുരം വില്ലേജിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാജു | | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനാപുരം താലൂക്കിൽ ഉൾപ്പെട്ട ഏതെല്ലാം വില്ലേജുകളാണ് പരിസ്ഥിതി ലോല മേഖലയായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പുന്നല, പിറവന്തൂർ, ഇടമൺ, തെന്മല, ആര്യങ്കാവ്, തിങ്കൾകരിക്കകം, കുളത്തുപ്പുഴ, ചണ്ണപ്പേട്ട. |
| (ബി) | ഈ പ്രദേശങ്ങളിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പരിസ്ഥിതിലോല പ്രദേശങ്ങളിൽ താഴെ പറയുന്നവ നിരോധിച്ചിട്ടുണ്ട്.<br>(1) ഖനനം, പാറഖനനം, മണൽ ഖനനം<br>(2) താപവൈദ്യുത നിലയങ്ങൾ<br>(3) 20,000 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടവും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും.<br>(4) 50 ഹെക്ടറിന് മുകളിലുള്ള/1,50,000 ചതുരശ്ര മീറ്ററിന് മുകളിൽ നിർമ്മിത വിസ്തൃതിയുള്ള ടൗൺഷിപ്പും ഭൂവികസന പ്രവർത്തനങ്ങളും.<br>(5) ചുവന്ന വിഭാഗത്തിലുൾപ്പെട്ട വ്യവസായങ്ങൾ വിൻഡ് എനർജി/ ഹൈഡ്രോപവർ എന്നിവ നിയന്ത്രണങ്ങളോടെ അനുവദനീയമാണ്. |
| (സി) | ഇത് സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുവാൻ പഞ്ചായത്ത് തലം മുതലുള്ള ജനപ്രതിനിധികളുമായി ചർച്ചയ്ക്കുള്ള സാഹചര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കാര്യങ്ങൾ സംബന്ധിച്ച് 2013 ഡിസംബർ 21-ാം തീയതി സർക്കാർ ഉത്തരവ് (സാധാ) നം.188/2013/പരിസ്ഥിതി പുറപ്പെടുവിച്ചി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ